LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ഉൽപ്പാദനത്തിന് പുതിയ പദ്ധതികൾ

1 (*181) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വൈദ്യുതോൽപ്പാദന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ,

(എ) ഉണ്ട്. ഭരണാനുമതി നൽകിയ പുതിയ ജലവൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കഞ്ചിക്കോട് ഒരു മെഗാവാട്ട് സൗരോർജ്ജ പ്ലാന്റ്, അഗളി ചാലയൂർ ടൈബൽ കോളനിയിലെ 96 കിലോവാട്ടിന്റെ റൂഫ് ടോപ്പ് സൗരോർജ്ജ പദ്ധതി, പടിഞ്ഞാറെത്തറ ഡാമിനോടനുബന്ധമായുള്ള 400 കിലോവാട്ട് പദ്ധതി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 1.5 മെഗാവാട്ടിന്റെ പദ്ധതി, പെരിങ്ങൽക്കുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 50 മെഗാവാട്ടിന്റെ പദ്ധതി, ബാരാപോൾ ജല വൈദ്യുത പദ്ധതിയുടെ കനാലിന് മുകളിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 2 മെഗാവാട്ടിന്റെ പദ്ധതി, ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന പദ്ധതി പ്രകാരം 15 ഗ്രാമങ്ങൾ വൈദ്യുതീകരിക്കുന്നതിന് 131.5 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള പദ്ധതി, വയനാട് ജില്ലയിലെ കമ്പമല തേയില എസ്റ്റേറ്റിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 40 KW സ്ഥാപിതശേഷിയുള്ള പദ്ധതി, തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ രണ്ട് കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 134.56 കിലോവാട്ടിന്റെ പദ്ധതി എന്നീ സൗരോർജ്ജ പദ്ധതികൾക്കും ബ്രഹ്മപുരം ഡീസൽ നിലയത്തിലെ പ്രവർത്തനരഹിതമായ രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി പകരം ഏകദേശം 39.86 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ സ്വകാര്യ മേഖലയിൽ 30 കൊല്ലത്തേയ്ക്ക് പ്രവർത്തിപ്പിക്കുന്നതിനും അതിനുശേഷം സർക്കാരിലേയ്ക്ക് തിരിച്ച് വരുന്നതുമായ 23 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും 2014-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചീമേനിയിൽ 1200 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നെങ്കിലും വാതകപൈപ്പ് ലൈൻ വലിക്കാനാകാത്തതു കൊണ്ടും വാതക വിലയുടെ കാര്യത്തിലെ അവ്യക്തത കാരണവും ഈ പദ്ധതി മുന്നോട്ട് പോയിട്ടില്ല.

(ബി) ജലവൈദ്യുത പദ്ധതികളിൽനിന്നും 218 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

സൗരോർജ്ജ പദ്ധതികളിലൂടെ 5.352 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ബ്രഹ്മപുരം വൈദ്യുത പദ്ധതിയിലൂടെ 39.86 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

ചെറുകിട വൈദ്യുതി ഉൽപ്പാദന സംരംഭങ്ങൾ

2 (*204) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട വൈദ്യുതി ഉൽപ്പാദന സംരംഭങ്ങൾ ഒരുക്കുന്നതിൽ മതിയായ ജാഗ്രത കാണിക്കുന്നുണ്ടോ ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ ;

(ബി) ചെറുകിട വൈദ്യുതി ഉൽപ്പാദന മേഖലയിൽ മുൻ സർക്കാരുകൾ ആവിഷ്കരിച്ച പദ്ധതികളിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ചെറുകിട വൈദ്യുതി ഉൽപ്പാദന മേഖലയിലെ അനാസ്ഥ വൈദ്യുതി മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്ന ആക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ,

(എ) ഉണ്ട്. വൻകിട ജലവൈദ്യുതി പദ്ധതികൾക്ക് കൂടുതൽ വനഭൂമി ആവശ്യമായി വരുന്നതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഫോറസ്റ്റ് ക്ലിയറൻസും പാരിസ്ഥിതികാനുമതിയും വേണ്ടിവരും. ഇവ ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങളും കാലതാമസവും പരിഗണിച്ച് 25 മെഗാവാട്ടിൽ താഴെ വരുന്ന ചെറുകിട ജലവൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly